**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3436** **05-08-2021 - ൽ മറുപടിയ്ക്ക്**

**വാർഷിക പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാരിന്റെ വാർഷിക പദ്ധതിയിലുൾപ്പെടുന്നവ കിഫ്ബി ഏറ്റെടുത്ത് നടത്തുന്നുണ്ടോ; എങ്കിൽ വാർഷിക പദ്ധതി ചെലവ് കിഫ്ബി പദ്ധതികളുടെ ചെലവിന്റെ അടിസ്ഥാനത്തിലാണോ നിർണ്ണയിക്കപ്പെടുന്നതെന്ന് വ്യക്തമാക്കാമോ? | (എ) | സർക്കാരിന്റെ വാർഷിക പദ്ധതിയിലുൾപ്പെടുന്നവ കിഫ്ബി ഏറ്റെടുത്ത് നടത്തുന്നില്ല. ഓരോ സാമ്പത്തിക വർഷവും സംസ്ഥാനത്തിന്റെ വിഭവ ലഭ്യത കണക്കാക്കിയിട്ടാണ് ആസൂത്രണ ബോർഡ് മൊത്തം പദ്ധതി അടങ്കൽ നിശ്ചയിക്കുന്നതും അതിനാനുപാതികമായി ഓരോ പദ്ധതിയ്ക്കും തുക വകയിരുത്തി വരുന്നതും.. സംസ്ഥാന വാർഷിക പദ്ധതിയുൾപ്പെടുന്ന പദ്ധതികളുടെ നിർവ്വഹണത്തിനാവശ്യമായ തുക ബന്ധപ്പെട്ട ബജറ്റ് ശീർഷകങ്ങളിൽ ഉൾപ്പെടുത്തി നിർവ്വഹണ ഏജൻസികൾ/വകുപ്പുകൾക്ക് സംസ്ഥാന അക്കൌണ്ടിൽ നിന്നു തന്നെ നൽകി വരുന്നതിനാൽ പ്രസ്തുത രീതിയിൽ അനുവദിക്കുന്ന തുകകൾ മാത്രമാണ് വാർഷിക പദ്ധതി ചെലവ് നിർണ്ണയിക്കുന്നതിനായി കണക്കിലെടുക്കുന്നത്. കിഫ്ബി വഴി ഫണ്ടിംഗ് നടത്തുന്ന പദ്ധതികളുമായി ബന്ധപ്പെട്ട ചെലവ് വാർഷിക പദ്ധതിയുടെ ഭാഗമായി കണക്കാക്കുന്നില്ല. |

സെക്ഷൻ ഓഫീസർ